# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 123

04-02-2013 ൽ മറുപടിക്ക്

## അങ്കമാലി എക്സൈസ് ഓഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| അങ്കമാലി മിനി സിവിൽ സ്റ്റേഷന്റെ പണി പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത കോമ്പൗണ്ടിനോട് ചേർന്ന് പ്രവർത്തിക്കുന്ന എക്സൈസ് ഓഫീസ് നിലവിൽ പ്രവർത്തിച്ചുവരുന്ന സ്ഥലത്തുനിന്നും ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ? | അങ്കമാലി എക്സൈസ് റേഞ്ച് ഓഫീസ്, ഇപ്പോൾ ആലുവ താലൂക്കിൽ, അങ്കമാലി വില്ലേജിൽ, അങ്കമാലി ദേശത്ത്, റീസർവ്വേ നമ്പർ 581/3 ൽപ്പെട്ട, എക്സൈസ് വകുപ്പിന്റെ പേരിലും, അധീനതയിലുമുള്ള 34 സെന്റ് സ്ഥലത്താണ് പ്രവർത്തിച്ചുവരുന്നത്. വളരെക്കാലമായി ടി എക്സൈസ് റേഞ്ച് ഓഫീസ്, ടി സ്ഥലത്തുള്ള കെട്ടിടത്തിൽ, ആവശ്യമായ സൗകര്യങ്ങളോടുകൂടി, പ്രവർത്തിച്ചുവരികയാണ്. ആയതിനാൽ പ്രസ്തുത ഓഫീസ് ടി സ്ഥലത്തുനിന്നും മാറ്റേണ്ട ഒരു സാഹചര്യവും നിലവിലില്ല. ഈ ഓഫീസ്, ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ട്. ജലവിഭവ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ